LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളുടെ ശമ്പള ശീർഷകങ്ങളിലായി അധികമായി വകയിരുത്തിയിട്ടുള്ളത് 1750 കോടി രൂപയാണ്. ഇതിനായി തുക പിൻവലിച്ചിട്ടില്ല. ശമ്പള കമ്മീഷൻ ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതേയുള്ളൂ. ആയതിനാൽ മുൻകാല പ്രാബല്യം സംബന്ധിച്ച തുക തിട്ടപ്പെടുത്തിയിട്ടില്ല.

(സി) 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

സഞ്ചിത കടം

77 (82) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധി എത്ര കോടി രൂപയാണ് ;

(ബി) ആയതുപ്രകാരം 2015 നവംബർ 25 വരെ എത്ര കോടി വായ്പയെടുത്തു ; വ്യക്തമാക്കാമോ ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ നവംബർ 25 വരെ റിസർവ് ബാങ്കിന്റെ ഭരണാനുമതിയോടുകൂടി എത്ര തുക കടപ്പത്രംവഴി സമാഹരിച്ചു ; ഈ നടപ്പ് വർഷം ഇനി ഇത്തരത്തിൽ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

(ഡി) നിലിവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര ; 2016 മാർച്ച് 31 ആകുമ്പോൾ ഇത് എത്രയാകുമെന്നാണ് കരുതുന്നത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സഞ്ചിതകടം എത്രയായിരുന്നു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധി 15,605 കോടി രൂപയാണ്.

(ബി) ആയതുപ്രകാരം അക്കൗണ്ട് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് സെപ്റ്റംബർ 2015 വരെയുള്ള കാലയളവിൽ 7980.19 (തനി)കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(സി) വകുപ്പുതല കണക്കുപ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ നവംബർ 25 വരെ കടപ്പത്രംവഴി 10450 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നടപ്പ് വർഷം ഇനി കടപ്പത്രംവഴി ഏകദേശം 2882.03 കോടി രൂപ കൂടി സമാഹരിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) നിലവിൽ സംസ്ഥാനത്തിന്റെ സഞ്ചിതകടം അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2015 വരെ 1,35,440,24 കോടി രൂപയാണ്. 2016 മാർച്ച് 31 വരെയുള്ള കടബാധ്യത അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ വ്യക്തമാകുകയുള്ളൂ.

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011-വരെ സംസ്ഥാനത്തിന്റെ സഞ്ചിതകടം 78,673.24 കോടി രൂപയായിരുന്നു. ഇതിൽ 48,528.10 കോടി രൂപ ആഭ്യന്തര കടം ഇനത്തിലും 6,359.08 കോടി രൂപ കേന്ദ്ര സഹായ വായ്പ ഇനത്തിലും 23,786.06 കോടി രൂപ സ്മോൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ഇനത്തിലുമായിരുന്നു.

ചരക്ക് സേവന നികുതി നടപ്പാക്കൽ

78 (83) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി നടപ്പാക്കുന്നത് സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഋണദോഷഫലങ്ങൾ സംബന്ധിച്ച വിലയിരുത്തലുകൾ വിശദമാക്കുമോ ;

(സി) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി സംസ്ഥാനത്തിന് ഋണകരമാകുന്നതെങ്ങനെയെന്ന് വിശദമാക്കുമോ ;

(ഡി) കേന്ദ്ര ഗവൺമെന്റ് അയച്ചുതന്ന മോഡൽ നിയമനിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; എന്തെല്ലാം നിലയിലുള്ള ഭേദഗതികളോടുകൂടിയാണ് സംസ്ഥാന സർക്കാർ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly